ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.05.2024**

## പ്രധാനവാർത്തകൾ

1.) രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാനഘട്ട പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ.

2.) ലോകകേരള സഭയുടെ നാലാം പതിപ്പിൻറെ ക്രമീകരണങ്ങൾ വിലയിരുത്തി മുഖ്യമന്ത്രി പിണറായി വിജയൻ.

3.) ആധുനിക വൈദ്യ ശാസ്ത്രത്തിനൊപ്പം ആയുർവേദത്തിൻറെ വികസനത്തിനും പ്രാധാന്യം നൽകുകയാണ് സംസ്ഥാന സർക്കാർ നയമെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ്.

4.) അതിതീവ്ര ചുഴലിക്കാറ്റായ റേമൽ ദുർബലമായതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്; പശ്ചിമ ബംഗാളിൻറെ കിഴക്കൻ ജില്ലകളിൽ മഴ തുടരും.

5.) സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ മഴ മുന്നറിയിപ്പ്; ഇന്ന് മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രത; അടുത്ത അഞ്ചു ദിവസത്തിനുള്ളിൽ കാലവർഷമെത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

*************************************

PNI TVPM

## അവസാനഘട്ട പ്രചാരണം

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാനഘട്ട പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. ജൂൺ ഒന്നിനാണ് ഏഴാം ഘട്ട വോട്ടെടുപ്പ്. ഏഴാം ഘട്ടത്തിന്റെ പരസ്യ പ്രചാരണം വ്യാഴാഴ്ച അവസാനിക്കും. ബിജെപിയുടെ മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഉത്തർപ്രദേശിൽ ഇന്ന് പൊതു സമ്മേളനങ്ങളെ അഭിസംബോധന ചെയ്യു. ബി ജെ പി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ, വാരാണസിയിൽ പ്രചാരണത്തിനെത്തി. കോൺഗ്രസ്സ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഹിമാചൽ പ്രദേശിൽ പൊതു സമ്മേളനങ്ങളിൽ സംസാരിച്ചു. കോൺഗ്രസ്സ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് ബീഹാറിൽ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുത്തു.

************************************

## യോഗം ചേർന്നു

വോട്ടെണ്ണലിന് മുന്നോടിയായി സംസ്ഥാനത്ത് ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഇടുക്കിയിൽ വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികളുടെ യോഗം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്നു. വോട്ടെണ്ണലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും ക്രമീകരണങ്ങളും പാർട്ടി പ്രതിനിധികൾക്ക് വിശദീകരിച്ചു. ഇടുക്കി മണ്ഡലത്തിലെ വോട്ടെണ്ണൽ കേന്ദ്രമായ പൈനാവ് മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. തിരഞ്ഞെടുപ്പ് പ്രക്രിയ വിജയകരമായി പൂർത്തിയാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും സഹകരിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു. ജൂൺ നാലിനാണ് വോട്ടെണ്ണൽ.

************************************

## ലോകകേരള സഭ

ലോകകേരള സഭയുടെ നാലാം പതിപ്പിന്റെ ക്രമീകരണങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ

RNU TVPM

നേതൃത്വത്തിൽ യോഗം ചേർന്നു. പുതിയ കാലത്തെ കുടിയേറ്റം, പ്രവാസലോകത്തിലെ സ്ത്രീ പ്രശ്നങ്ങൾ എന്നിവയ്ക്ക് പ്രത്യേക പ്രധാന്യം നൽകണമെന്ന് മുഖ്യമന്ത്രി യോഗത്തിൽ നിർദേശിച്ചു. പ്രതിനിധികൾക്കാവശ്യമായ സൗകര്യങ്ങൾ സമയബന്ധിതമായി ഒരുക്കും. കലാപരിപാടികൾ, പ്രചാരണ പരിപാടികൾ എന്നിവ അനുബന്ധമായി നടത്താനും യോഗത്തിൽ ധാരണയായി. തിരുവനന്തപുരത്തു നടന്ന യോഗത്തിൽ സ്പീക്കർ എ എൻ ഷംസീർ, ചീഫ് സെക്രട്ടറി ഡോ.വി വേണു, വിവിധ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു.

*************************************

## വീണ ജോർജ്

ആധുനിക വൈദ്യ ശാസ്ത്രത്തിനൊപ്പം ആയുർവേദത്തിന്റെ വികസനത്തിനും പ്രാധാന്യം നൽകുകയാണ് സംസ്ഥാന സർക്കാർ നയമെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ്. ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 45-മത് സംസ്ഥാന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി. ആയുർവേദ ചികിത്സാരീതികൾ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാൻ വേണ്ട പ്രവർത്തങ്ങൾ സർക്കാർ നടത്തുന്നുണ്ടെന്നും ശ്രീമതി വീണ ജോർജ് പറഞ്ഞു. അതിന്റെ ഭാഗമായി സജ്ജീകരിക്കുന്ന രാജ്യാന്തര ഗവേഷണ കേന്ദ്രത്തിൻറെ നിർമാണം ഉടൻ പൂർത്തീകരിക്കുമെന്നും മന്ത്രി അറിയിച്ചു. വിവിധ ആയുർവേദ പുരസ്കാരങ്ങൾ മന്ത്രി ചടങ്ങിൽ വിതരണം ചെയ്തു.

RNU TVPM

*************************************

## ബാർകോഴ - പ്രതിപക്ഷം

ബാർകോഴ ആരോപണത്തിൽ മന്ത്രിമാർ കള്ളം പറയുകയാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ടൂറിസം വകുപ്പ് വിഷയത്തിൽ അമിതമായി ഇടപെടൽ നടത്തിയതായും എക്സൈസ് വകുപ്പ് നോക്കുകുത്തി ആയെന്നും പ്രതിപക്ഷ നേതാവ് തിരുവനന്തപുരത്ത് മാധ്യമങ്ങളോട്

പറഞ്ഞു. സംഭവത്തിൽ മുഖ്യമന്ത്രി മൗനം വെടിയണമെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. കേന്ദ്ര ഏജൻസികൾക്ക് അന്വേഷണം കൈമാറണമെന്നും ശ്രീ കെ.സുരേന്ദ്രൻ കോഴിക്കോട് വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

************************************

## <u>മന്ത്രി പി എ മുഹമ്മദ് റിയാസ്</u>

ബാർ കോഴ ആരോപണം സംബന്ധിച്ച വസ്തുതകൾ എക്സൈസ് മന്ത്രി വ്യക്തമാക്കി കഴിഞ്ഞതാണെന്ന് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ്. കോഴിക്കോട് മാധ്യമങ്ങളോട് സംസാരിക്കുകകയായിരുന്നു അദ്ദേഹം. പ്രതിപക്ഷ നേതാവിന്റെ ആരോപണങ്ങളിൽ ടൂറിസം ഡയറക്ടറും കാര്യങ്ങൾ വ്യക്തമാക്കിയതാണ്. വകുപ്പിലെ എല്ലാ ചർച്ചകളും മന്ത്രിയോട് പറഞ്ഞ് നടത്തണമെന്നില്ലെന്നും ശ്രീ റിയാസ് പറഞ്ഞു.

************************************

RNUTVPM

## <u>റേമൽ</u>

അതിതീവ്ര ചുഴലിക്കാറ്റ് റേമലിൻറെ ശക്തി ക്ഷയിച്ചതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നിലവിൽ വടക്ക് കിഴക്ക് ദിശയിലാണ് ചുഴലിക്കാറ്റ് സഞ്ചരിക്കുന്നത്. കൊൽക്കത്തയിൽ നിന്ന് 90 കിലോമീറ്റർ കിഴക്കോട്ട് മാറി സഞ്ചരിക്കുന്ന റേമൽ അസം, മേഘാലയ എന്നീ സംസ്ഥാനങ്ങളിലേക്ക് നീങ്ങുന്നതായാണ് സൂചന. ചുഴലിക്കാറ്റിന്റെ സ്വാധീനത്താൽ ഇന്ന് പശ്ചിമ ബംഗാളിന്റെ കിഴക്കൻ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലവസ്ഥ വകുപ്പ് അറിയിച്ചു. അതേസമയം, റേമൽ ചുഴലിക്കാറ്റിന്റെ സ്വാധീനത്തിൽ ബംഗ്ലാദേശിന്റെ തീര പ്രദേശങ്ങളിൽ അതിശക്തമായ മഴയുണ്ടായി. കഴിഞ്ഞദിവസം രാത്രി ബംഗ്ലാദേശിലെ താഴ്ന്ന പ്രദേശങ്ങളിൽ റെമാൽ ചുഴലിക്കാറ്റ് കനത്ത നാശം വിതച്ചിരുന്നു. ചുഴലിക്കാറ്റിനെത്തുടർന്ന് 10 പേർ മരിക്കുകയും 30,000 ത്തിലധികം വീടുകൾ നശിക്കുകയും ചെയ്യതായാണ് റിപ്പോർട്ട്.

************************************

## മഴ -കേരളം

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്നും നാളെയും പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മറ്റന്നാൾ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അടുത്ത അഞ്ചു ദിവസത്തിൽ കേരളത്തിൽ കാലവർഷമെത്തുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മലയോര മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത തുടരണമെന്നും മുന്നറിയിപ്പുണ്ട്.

************************************

## കടലാക്രമണം

കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്. അതേസമയം കേരള- കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ചുഴലിക്കാറ്റിൻറെ പ്രഭാവം തുടരുന്നതിനാൽ ബംഗാൾ ഉൾക്കടലിൽ മത്സ്യബന്ധനം വിലക്കിയിട്ടുണ്ട്.

************************************

## കൺട്രോൾ റൂം ആരംഭിച്ചു

മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ കൺട്രോൾ റൂം പ്രവർത്തനം തുടങ്ങി. മഴക്കാല പൂർവ്വ ശുചീകരണം, സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയൽ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, മഴ മൂലമുള്ള

RNU TVPM

ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമാണ് കൺട്രോൾ റൂം ആരംഭിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കിയത്. പൊതുജനങ്ങൾക്ക് കൺട്രോൾ റൂമുമായി 04862 295011 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

***************************************

## പ്രഥമം പ്രതിരോധം

മഴക്കാല രോഗങ്ങളെ പ്രതിരോധിക്കാൻ ആരോഗ്യ വകുപ്പിൻറെ നേതൃത്വത്തിൽ 'പ്രഥമം പ്രതിരോധം' പദ്ധതിക്ക് കോട്ടയത്ത് തുടക്കമായി. കോട്ടയം ചിന്മയ വിദ്യാലയയിൽ നടന്ന ജില്ലാതല സമ്മേളനം ജില്ലാ മെഡിക്കൽ ഓഫീസർ ഉദ്ഘാടനം ചെയ്തു. എലിപ്പനി, ജലജന്യരോഗങ്ങളായ വയറിളക്കം, മഞ്ഞപ്പിത്തം, കൊതുകു ജന്യരോഗങ്ങളായ ഡെങ്കിപ്പനി, ചിക്കുൻ ഗുനിയ, വായുജന്യ രോഗങ്ങളായ എച്ച്1.എൻ1 ഇൻഫ്ളുൻസ എന്നിവ പ്രതിരോധിക്കാൻ എല്ലാ ജനങ്ങളും അണിനിരക്കണമെന്ന് ഡി.എം.ഒ അഭ്യർത്ഥിച്ചു. പൊതു സ്വകാര്യ കിണറുകൾ ഉൾപ്പെടെ എല്ലാ കുടിവെള്ള സ്രോതസുകളും ക്ലോറിനേറ്റ് ചെയ്യുന്ന പരിപാടി നാളെയും തുടരും. തൊഴിലുറപ്പു , മുനിസിപ്പൽ ശുചീകരണ തൊഴിലാളികൾ, എന്നിവർ എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ ഗുളിക നിർബന്ധമായും കഴിക്കണം. വീടുകളിൽ കുടുംബശ്രീ , ആശാ, അങ്കണവാടി, ആരോഗ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ കൊതുകു ഉറവിട നിർമ്മാർജനം നടത്താനും പദ്ധതി ലക്ഷ്യമിടുന്നു.

***************************************

## കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്

കാറ്റാടിപ്പാടങ്ങളിൽ വിന്യസിക്കുന്നതിനുള്ള ഹൈബ്രിഡ് SOV യാനങ്ങളുടെ നിർമാണ കരാർ സ്വന്തമാക്കി രാജ്യത്തെ പ്രമുഖ കപ്പൽശാലയായ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്. യുകെ ആസ്ഥാനമായുള്ള ഓഫ്ഷോർ റിന്യൂവബിൾ ഓപ്പറേറ്ററായ നോർത്ത് സ്റ്റാർ ഷിപ്പിംഗിൽ നിന്നാണ് രണ്ടാം വട്ടവും കരാർ ലഭിച്ചത്. ഈ വർഷം ആദ്യവും ഹൈബ്രിഡ് SOV

RNU TVPM

നിർമിക്കുന്നതുമായി ബന്ധപ്പെട്ട് നോർത്ത് സ്റ്റാറും കൊച്ചിൻ ഷിപ്പ്യാർഡും തമ്മിൽ കരാർ ഉണ്ടാക്കിയിരുന്നു. കടലിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉത്പാദനം നടത്തുന്ന വ്യവസായത്തിൻ്റെ അനുബന്ധ സേവനം, പരിപാലനം, പ്രവർത്തന ആവശ്യങ്ങൾ എന്നിവയ്ക്കായി നിർമ്മിക്കുന്നതാണ് SOV യാനങ്ങൾ. രണ്ട് പതിറ്റാണ്ടിലേറെയായി അന്താരാഷ്ട്ര കപ്പൽ നിർമ്മാണ രംഗത്ത് സജീവമായ കൊച്ചി കപ്പൽശാല ഇതുവരെ യുഎസ്എ, ജർമ്മനി, നെതർലാൻഡ്സ്, മിഡിൽ ഈസ്റ്റ് തുടങ്ങിയ രാജ്യങ്ങളിലേക്ക് 50 ഓളം ഹൈ എൻഡ് കപ്പലുകൾ വിതരണം ചെയ്തിട്ടുണ്ട്.

************************************

## പുഷ്പാർച്ചന നടത്തി

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അറുപതാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് കേരള നിയമസഭാ സമുച്ചയത്തിലെ നെഹ്റുവിന്റെ പ്രതിമയിൽ സ്പീക്കർ എ.എൻ. ഷംസീർ പുഷ്പാർച്ചന നടത്തി. നിയമസഭ സെക്രട്ടറി-ഇൻ-ചാർജും നിയമസഭ സെക്രട്ടേറിയറ്റ് ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

************************************

RNU TVPM

## കോന്നി ഇക്കോ ടൂറിസം(ഇൻട്രോ)

വ്യായാമം കുറയുന്നെന്ന കണ്ടെത്തലിൽ പത്തനംതിട്ട കോന്നി ഇക്കോ ടൂറിസം കേന്ദ്രത്തിലെ ആനകളെ നടത്തത്തിനായി പുറത്തിറക്കുന്നു. ആനകളുടെ നടത്തം ആരംഭിക്കുന്ന പശ്ചാത്തലത്തിൽ, ടൂറിസം കേന്ദ്രത്തിലെ സമയക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ജൂൺ മുതൽ കോന്നി ആനത്താവളത്തിന് തിങ്കളാഴ്ചകളിൽ അവധി നൽകാനും തീരുമാനമായി. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....

(ഹോൾഡ് - വോയിസ് )

************************************

## ഓഹരിവിപണി + സ്വർണ്ണവില

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരിസൂചിക സെൻസെക്സ് 19 പോയിൻറ് ഇടിഞ്ഞ് 75,390 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 24 പോയിൻറ് താഴ്ന്ന് 22,932 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണ്ണവില കൂടി. പവന് 200 രൂപ വർദ്ധിച്ച് 53,320 രൂപയും ഗ്രാമിന് 6,665 രൂപയുമാണ് ഇന്നത്തെ വില.

************************************

## പാസിംഗ് ഔട്ട് പരേഡ്

സ്പെഷ്യൽ ആംഡ് പോലീസ്, കെഎപി മൂന്നാം ബറ്റാലിയൻ എന്നീ വിഭാഗങ്ങളിൽ പരിശീലനം പൂർത്തിയാക്കിയ 461 പോലീസ് ഉദ്യോഗസ്ഥരുടെ പാസിംഗ് ഔട്ട് പരേഡ് നാളെ തിരുവനന്തപുരത്ത് നടക്കും. പേരൂർക്കട സ്പെഷ്യൽ ആംഡ് പോലീസ് ഗ്രൗണ്ടിൽ നടക്കുന്ന പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കും. സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുക്കും. ഒൻപതുമാസത്തെ പരിശീലനം പൂർത്തിയാക്കിയാണ് സേനാംഗങ്ങൾ പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുക്കുന്നത്.

RJUTVPM

************************************

## എം എസ് സി വിദ്യാർത്ഥികൾക്ക് പരിശീലനം

സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ ശാസ്ത്ര വിഷയങ്ങളിലെ ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് അതാതു വിഷയങ്ങളിൽ ഗവേഷണ പഠനത്തിനുള്ള മാർഗ്ഗ നിർദേശങ്ങൾ ഉൾപ്പെടുത്തി പ്രത്യേക പരിശീലനം സംഘടിപ്പിച്ചു. സംസ്ഥാന സർക്കാരും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ചും സംയുക്തമായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. സർക്കാർ കോളേജുകളിൽ ഗണിതം, ഭൗതിക ശാസ്ത്രം, രസതന്ത്രം , ബയോളജി എന്നീ വിഷയങ്ങൾ പഠിക്കുന്ന തിരഞ്ഞെടുത്ത MSc

വിദ്യാർത്ഥികൾക്കായാണ് പരിശീലനം ഒരുക്കിയത്.
നൂറ്റിയമ്പതിലേറെ വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു.

************************************

## കേരള സർവ്വകലാശാല-പരീക്ഷാഫലം

പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞ് രണ്ടാംദിനം പരീക്ഷാഫലം പ്രസിദ്ധീകരിച്ച കേരള സർവ്വകലാശാലയുടേത് ചരിത്ര നേട്ടമെന്ന് മന്ത്രി ആർ ബിന്ദു. വെള്ളിയാഴ്ച പ്രാക്ടിക്കൽ പരീക്ഷ അവസാനിച്ച ആറാം സെമസ്റ്റർ ബിഎസ്സി പരീക്ഷകളുടെ റിസൾട്ടാണ് സർവ്വകലാശാല ഞായറാഴ്ച പ്രസിദ്ധീകരിച്ചത്. പ്രാക്ടിക്കൽ, വൈവ എന്നിവ പൂർത്തിയായി ഏറ്റവും കുറഞ്ഞ ദിവസത്തിൽ ഫലപ്രഖ്യാപനം നടത്തിയെന്ന നേട്ടമാണ് കേരള സർവ്വകലാശാല കൈവരിച്ചത്.

************************************

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ്

RNU TVPM

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻറെ തിരുവനന്തപുരം ജില്ലയിലെ സിറ്റിങ് ശാസ്തമംഗലത്തുള്ള ഓഫീസ് കോർട്ട് ഹാളിൽ നാളെ നടക്കും. രാവിലെ 11ന് ആരംഭിക്കുന്ന സിറ്റിങിൽ നിലവിലുള്ള പരാതികൾ പരിഗണിക്കുന്നതിനൊപ്പം പുതിയ പരാതികളും സ്വീകരിക്കുമെന്ന് മെമ്പർ സെക്രട്ടറി അറിയിച്ചു.

************************************

## കണ്ണൂർ മരണം - വടംവലി

അന്തരിച്ച ദേശീയ വടംവലി താരം മാത്യൂസ് മാത്യുവിൻ്റെ മൃതദേഹം നാളെ വൈകിട്ട് കണ്ണൂർ മണിക്കടവ് സെൻ്റ് തോമസ് ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്കരിക്കും. ഈ മാസം അഞ്ചുവരെ ചെന്നൈയിൽ നടന്ന അഖിലേന്ത്യ സർവകലാശാല വടംവലി ചാമ്പ്യൻഷിപ്പിൽ സ്വർണമെഡൽ നേടിയ കാലിക്കറ്റ് സർവകലാശാല ടീമിലെ ഒന്നാം നമ്പർ താരമായിരുന്നു മാത്യൂസ് മാത്യു. 21 വയസ്സായിരുന്നു . തൃശ്ശൂർ കൊടകര സഹൃദയ കോളേജിലെ അവസാന വർഷ ബി.എസ്സി. വിദ്യാർഥിയാണ്.

**************************************

## മുന്നറിയിപ്പ്.

ഗാർഹിക മേഖലകളിൽ ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ നിയമപ്രകാരമല്ലാത്തതും നിലവാരമില്ലാത്തതുമായ ലിഫ്റ്റുകൾ സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും നിയമ ലംഘനമായി കണക്കാക്കുമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. നിയമ വിരുദ്ധമായി ലിഫ്റ്റുകൾ സ്ഥാപിച്ചാൽ നിയമാനുസൃതമായ പ്രവർത്തനാനുമതിയോ, അതിൽ നിന്നും ഉണ്ടാകുന്ന അപകടങ്ങൾക്ക് നിയമപരിരക്ഷയോ ലഭിക്കില്ല. ഇത്തരത്തിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രചാരണങ്ങൾക്കെതിരെ  ജാഗ്രത പാലിക്കണമെന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുന്നറിയിപ്പ് നൽകി.

**************************************

## അജ്ഞാത മൃതദേഹം കണ്ടെത്തി

കോട്ടയം വടവാതൂരിൽ എംആർഎഫ് റബർ ഫാക്ടറിക്ക് സമീപമുള്ള റബർ തോട്ടത്തിൽ അജ്ഞാത മൃതദേഹം കണ്ടെത്തി. മൃതദേഹത്തിന് 2 ആഴ്ചത്തെ പഴക്കമുണ്ടെന്നാണ് പ്രാഥമിക നിഗമനം. പ്രദേശത്തുനിന്ന് കാണാതായ യുവാവിന്റെ മൃതദേഹം ആണെന്ന് സംശയമുണ്ട്. മണർകാട് പോലീസ് സംഘം സ്ഥലത്ത് എത്തി അന്വേഷണം ആരംഭിച്ചു.

RNU TVPM

**************************************

***************************

*************